**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4687** **19-07-2022 - ൽ മറുപടിയ്ക്ക്**

**ജലാശയങ്ങളിലെ മത്സ്യ കൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ജലാശയങ്ങളിൽ മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ പദ്ധതികളുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | ജലാശയങ്ങളിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി അർദ്ധ ഊർജ്ജിത ശുദ്ധജല മത്സ്യകൃഷി, സ്വകാര്യ കുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷി, പൊതു കുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷി, അർദ്ധ ഊർജ്ജിത ഓരുജല മത്സ്യകൃഷി, ഓരുജലത്തിലെ വിശാല മത്സ്യകൃഷി, ശാസ്ത്രീയ ചെമ്മീൻ കൃഷി, ഒരു നെല്ലും ഒരു ചെമ്മീനും കൃഷി, ഞണ്ട് കൃഷി / കൊഴുപ്പിക്കൽ, പടുതാകുളത്തിലെ ഊർജിത ശുദ്ധജല മത്സ്യകൃഷി, ശുദ്ധജലത്തിലെ കൂട്ടു കൃഷി, ഓരുജലത്തിലെ കൂട്ടു കൃഷി, കല്ലുമ്മേക്കായ കൃഷി, പിന്നാമ്പുറങ്ങളിലെ കരിമീൻ വിത്തുല്പാദനം, പിന്നാമ്പുറങ്ങളിലെ വരാൽ വിത്തുല്പാദനം തുടങ്ങിയ വിവിധ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കി മത്സ്യകൃഷി പ്രോത്സാഹിപ്പിച്ചു വരുന്നു.<br><br>ഇതിന് പുറമേ റിസർവോയറുകളിൽ കൂട്ടു മത്സ്യകൃഷി വ്യാപനത്തിനായി 10.8180 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിക്കും കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുകയും ഫണ്ട് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>നടപ്പ് സാമ്പത്തിക വർഷം ജലാശയങ്ങളിൽ മത്സ്യകൃഷി ഉൾപ്പെടെ വിവിധ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കുന്ന വിഷയം പരിശോധിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ